# ജി. എം. യു. പി. സ്കൂൾ
## പെരകമണ്ണ

## സംക്ഷിപ്ത ചരിത്രം



മുസ്ലിം പരിഷ്കർത്താവായ വക്കം മൗലവിയുടെ പ്രവർത്തന ഫലമായി പുതിയ വെളിച്ചം ലഭിച്ച പ്രദേശങ്ങളിലൊന്നാണ് ഒതായി. ബ്രിട്ടീഷുകാർക്കെതിരിൽ നടന്ന ചരിത്ര പ്രസിദ്ധമായ മലബാർ കലാപത്തിന്റെ അഭിമാനാർഹമായ ചരിത്ര പാരമ്പര്യവും ഈ പ്രദേശത്തിനുണ്ട്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പുറം തിരിഞ്ഞു നിന്നിരുന്ന ഒരു സമൂഹത്തിനിടയിൽ നാടിന്റെ വളർച്ചയും പുരോഗതിയും വിദ്യാഭ്യാസത്തിലാണെന്ന് ബോധ്യപ്പെട്ട പുത്തൻവീട്ടിൽ മുഹമ്മദ് ഹാജി എന്ന നാട്ടിലെ സമ്പന്ന വ്യക്തി 1924 ൽ ഒരു ഏകാധ്യാപക വിദ്യാലയം സ്ഥാപിച്ചു. 1926 ൽ മൂന്ന് അധ്യാപകരായി സ്കൂൾ വികസിച്ചു. ആ വർഷം തന്നെ സ്കൂളിന് അംഗീകാരവും ലഭിച്ചു.



സാമ്പത്തികമായി വളരെ പിന്നിലായിരുന്ന ജനങ്ങൾ വളരെ പതുക്കെയാണ് വിദ്യാഭ്യാസത്തിലേക്ക് കടന്നു വന്നത്. പ്രാഥമികമായ മതപാഠങ്ങൾ മാത്രമായിരുന്നു ആദ്യ കാലത്തെ വിദ്യാഭ്യാസം. സ്കൂളിൽ മലയാളവും കണക്കുമെല്ലാം പഠിപ്പിക്കാൻ തുടങ്ങി. ചിറ്റൻമാഷും കുഞ്ഞാമു മാഷുമായിരുന്നു ദീർഘകാലം ഈ സ്കൂളിൽ പഠിപ്പിച്ചിരുന്നത്.

ക്ലാസിൽ ഇരുപത്തഞ്ച് കുട്ടികൾ വരെ ഉണ്ടായിരുന്നു. വളരെ ദരിദ്ര കുടുംബത്തിൽ നിന്ന് വരുന്നവരായിരുന്നു എല്ലാവരും. രാവിലെ വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ചാൽ പിന്നീട് സ്കൂൾ വിട്ട് വീട്ടിലെത്തിയിട്ടാണ് ഭക്ഷണം ലഭിച്ചിരുന്നത്. അല്പമൊക്കെ സാമ്പത്തിക ശേഷിയുള്ള അപൂർവ്വം കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ഉച്ചഭക്ഷണം കൊണ്ടുവരുമായിരുന്നു. ദൂരെയുള്ള സ്കൂളിലേക്ക് നടന്നു പോകാൻ റോഡു പോലും ഇല്ലായിരുന്നു. കാട്ടുമൃഗങ്ങളെ പേടിച്ചും, വിശപ്പടക്കാൻ മാർഗമില്ലാതെയും ഉടുതുണിക്ക് മറുതുണിയില്ലാതെയുമാണ് അന്ന് പഠിക്കാൻ വന്നിരുന്നത്.

വി.വി. മുഹമ്മദ് ഹാജി 1937-ൽ തന്റെ മാതാവായ കെ.വി. ആമിക്കുട്ടിയുടെ സ്മരണയ്ക്കായി കെ.വി. ആമിക്കുട്ടി മെമ്മോറിയൽ ഹാൾ സ്ഥാപിച്ചു. ഈ കെട്ടിടവും ഇത് നിൽക്കുന്ന സ്ഥലവുമെല്ലാം നാടിന്റെ വിദ്യാഭ്യാസത്തിനു വേണ്ടി അദ്ദേഹം വഖഫ് (ദാനം) ചെയ്തു.

മുഹമ്മദ് ഹാജിയുടെ മകൻ പി.വി. ഉമ്മർ കുട്ടിയാണ് സ്കൂളിലെ പ്രഥമ വിദ്യാർത്ഥി. പുത്തൻ വീട്ടിൽ അലസ്സൻ കുട്ടിയുടെ മകൾ പാത്തുമ്മക്കുട്ടിയാണ് ആദ്യ വനിതാ പഠിതാവ്.

സ്കൂളിന് സ്വന്തമായി ഒരു സ്ഥലവും കെട്ടിടവും ഉണ്ടാകണമെന്ന നാട്ടുകാരുടെ ആഗ്രഹം സഫലമാകാതെ ദീർഘകാലം മദ്രസാ കെട്ടിടത്തിൽ തന്നെ സ്കൂൾ പ്രവർത്തിക്കേണ്ടി വന്നു. പി.വി. ഉമ്മർകുട്ടി ഹാജി ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്ന തൊടുമ്പിറയിൽ സ്കൂളിനായി 1 ½ ഏക്കർ സ്ഥലം സൗജന്യമായി നൽകി. ദീർഘകാലത്തെ കാത്തിരിപ്പിനു ശേഷം 1994-ലാണ് ഇവിടെ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തുടങ്ങിയത്.

1996-97 കാലത്ത് DPEP യുടെ ഭാഗമായി എൻ. കണ്ണൻ MLA യുടെ ഫണ്ടിൽ നിന്നും ഓഫീസ്, ലൈബ്രറി എന്നിവ നിൽക്കുന്ന കെട്ടിടം നിർമ്മിച്ചു. 1998-ൽ മറ്റൊരു കെട്ടിടം സ്ഥാപിച്ചു. ഇതിൽ യു.പി ക്ലാസുകൾ പ്രവർത്തനമാരംഭിച്ചു.

2004-ൽ എ.പി. അനിൽ കുമാർ MLA യുടെ ഫണ്ടിൽ നിന്ന് ലഭിച്ച തുക കൊണ്ട് മറ്റൊരു കെട്ടിടമുണ്ടാക്കി. 2005 ൽ ഇ.ടി. മുഹമ്മദ് ബഷീർ സാഹിബിന്റെ ഫണ്ടു കൊണ്ട് മറ്റൊരു കെട്ടിടവുമുണ്ടാക്കി.
പിന്നീട്, 2010 ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്ര മുഹമ്മദ് മാഷിന്റെ ഫണ്ട്, 2007 ൽ കേരള വികസന പദ്ധതിയിൽ എ.പി. അനിൽകുമാറിന്റെ ഫണ്ട് എന്നിവയും, 2012-13 ൽ ഗ്രാമപഞ്ചായത്തിന്റെ നൂൺ-ഫീഡിംഗ്, കിച്ചൺ കെട്ടിടം എന്നിവ സ്ഥാപിച്ചു.

2016-ൽ പി.ടി.എ യുടെ നേതൃത്വത്തിൽ ഓഡിറ്റോറിയം സ്ഥാപിച്ചു.



RMSA സ്കീമിൽ ഉൾപ്പെടുത്തി 2013-ൽ യു.പി. സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്തു.



ഹൈസ്കൂൾ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.